(ബി) ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

32 (1868) ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം

ശ്രീ. എളമരം കരിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ജില്ലാ ലേബർ ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ജില്ലാ ലേബർ ഓഫീസർമാരെ എല്ലാ ജില്ലകളിലും നിയമിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ജില്ലാ ലേബർ ഓഫീസർ തസ്തികകൾ ഒന്നും ഒഴിഞ്ഞു കിടക്കുന്നില്ല.

(ബി) ഉദിക്കുന്നില്ല.

33 (1869) ബാലവേല നിരോധിക്കുന്നതിന് നിയമനിർമ്മാണം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല നിരോധിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) 1991-ലെ സർവ്വേയനുസരിച്ച് സംസ്ഥാനത്ത് എത്ര ബാല തൊഴിലാളികളുണ്ടെന്ന് അറിയിക്കുമോ;

(ഡി) സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് സംസ്ഥാനത്ത് ഇതു സംബന്ധിച്ച് ഒരു സർവ്വേ നടത്തുകയുണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15-7-1998-ൽ ബഹു.തൊഴിൽ വകുപ്പുമന്ത്രി കേരളനിയമസഭയിൽ നടത്തിയ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ബാലവേല നിരോധിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള കേരളാ ചൈൽഡ് ലേബർ അബോളിഷൻ ബിൽ 1999 സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ബാലതൊഴിലാളികളെ കണ്ടെത്തുന്നതിനായി 1991-ൽ സംസ്ഥാനത്ത് ലേബർ വകുപ്പ് പ്രത്യേക സർവ്വേ നടത്തിയിട്ടില്ല. 1991-ലെ കാ

LIBRARY ARCHIVES Kerala Legislative Assembly

നേഷുമാരി കണക്കെടുപ്പിലും ബാലതൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

(ഡി)&(ഇ) ഉണ്ട്. സുപ്രീംകോടതി വിധിയനുസരിച്ച് 1997 മെയ്മാസത്തിൽ സംസ്ഥാനത്ത് തൊഴിലെടുക്കുന്ന കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്താൻ വേണ്ടി ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ ഒരു പ്രാഥമിക സർവ്വേ നടത്തിയിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്ത് അപകടകരമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന 1061 ബാലതൊഴിലാളികൾ ഉള്ളതായും ആകെ 10067 ബാലതൊഴിലാളികൾ ഉള്ളതായും കണ്ടെത്തിയിട്ടുണ്ട്. എന്നാൽ സർവ്വേ നടത്തിയ ഉദ്യോഗസ്ഥന്മാർക്ക് മതിയായ പരിശീലനം ലഭിക്കാതെ നടത്തിയതിനാലും വയസ്സു നിർണ്ണയിക്കുന്നതിന് വ്യക്തമായ രേഖകൾ കുട്ടികൾ ജോലി ചെയ്യുന്നിടത്ത് ഇല്ലാത്തതിനാലും സർവ്വേയിൽ കണ്ടെത്തിയ വിവരങ്ങൾ പൂർണ്ണമായും ശരിയല്ലെന്നു പിന്നീടു മനസ്സിലായി. തുടർന്ന് തൊഴിൽ വകുപ്പുദ്യോഗസ്ഥർ നടത്തിയ നിയമപരമായ പരിശോധനയിൽ അപകടകരമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ കണ്ടെത്താൻ കഴിഞ്ഞില്ല. ഇതിനുകാരണം സർവ്വേയിൽ രേഖപ്പെടുത്തിയിരിക്കുന്ന കുട്ടികളിൽ നല്ലൊരു ഭാഗവും 14 വയസ്സിനു മുകളിൽ പ്രായമുള്ളവരായതിനാലും തൊഴിൽ അപകടകരമായതാണോ, അല്ലയോ എന്നത് തെറ്റായി രേഖപ്പെടുത്തിയതിനാലുമാണെന്ന് വ്യക്തമായി. ബാലവേല ചെയ്യുന്ന സ്ഥലത്ത് അന്വേഷിച്ചപ്പോൾ പല കുട്ടികളും തമിഴ്നാട്, സംസ്ഥാനത്ത് സ്കൂൾ അവധിക്കാലത്ത് കേരളത്തിൽ ജോലി ചെയ്യുവാൻ എത്തിയവർ ആയിരുന്നു എന്നും കണ്ടു പിടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ അച്ഛനമ്മമാരുടെകൂടെ ജോലി ചെയ്യുന്ന കുട്ടികളും ഉണ്ട്.

34 (1870) കയർ തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടിഅമ്മ</u> :
<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> :
<u>ശ്രീ. ടി.കെ. ബാലൻ</u> :
<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> :
<u>ശ്രീ. പി.ടി. കഞ്ഞിമുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ തൊഴിലാളിക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കയർ തൊഴിലാളിക്ഷേമനിധിയിൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കയർ തൊഴിലാളി ക്ഷേമനിധിയിൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനായി ക്യാമ്പ് നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് ഏതൊക്കെ പ്രദേശങ്ങളിലാണ് കയർ തൊഴിലാളി രജിസ്ട്രേഷൻ ക്യാമ്പുകൾ ഇതിനകം നടത്തിയതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly